DESPATCHED
On.13.2.23.

സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in

ഹർജി നമ്പർ **CP. No.498(5)/17/SIC**
തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.7174/SIC-G7/2017**

**സന്നിഹിത**
**ശ്രീമതി ശ്രീലത പി.ആർ.,സംസ്ഥാന വിവരാവകാശ കമ്മീഷണർ**
**ഉത്തരവ് തീയതി: 30.12.2022**

| | |
|---|---|
| **ശ്രീ. സി. കെ. ഗോപി,**<br>**ശിവാസ് ഹൗസ്,**<br>**ഏറ്റുമാനൂർ** – 686 631. | **പരാതിക്കാരൻ** |
| **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &**<br>**മുൻസിപ്പൽ സെക്രട്ടറി,**<br>**ഏറ്റുമാനൂർ മുൻസിപ്പാലിറ്റി,**<br>**കോട്ടയം ജില്ല.** | **എതിർകക്ഷി** |

**ഉത്തരവ്**

1. പരാതിക്കാരൻ 23.01.2017 ലെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, എബനേസർ ഇന്റർനാഷണൽ റസിഡൻഷ്യൽ സ്കൂൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വർഷം, ഏത് തീയതി, എത്ര രൂപ ലൈസൻസ് ഫീസ് അടച്ചു, അത് ആരുടെ പേരിലാണ് എടുത്തിട്ടുള്ളത്, അതിന്റെ പകർപ്പ് അപേക്ഷാകാലയളവ് വരെ ഓരോ വർഷവും പുതുക്കി എടുത്തിട്ടുള്ള രജിസ്ട്രേഷന്റെ പകർപ്പ്, 2000 മുതൽ അപേക്ഷാകാലയളവ് വരെ ഓരോ വർഷവും പഞ്ചായത്ത് സെക്രട്ടറിമാരുടെ ഔദ്യോഗിക മേൽവിലാസം, മുൻസിപ്പൽ സെക്രട്ടറിയുടെ ഔദ്യോഗിക മേൽവിലാസം എന്നിങ്ങനെയുള്ള 17 വിവരങ്ങളും പകർപ്പുകളുമാണ്.

2. പ്രസ്തുത അപേക്ഷയ്ക്ക് വിവരം ലഭിക്കാത്തതിനെ തുടർന്ന് 19.05.2017 തീയതി പരാതിക്കാരൻ കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിച്ചു. പരാതി ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും ടെലഫോൺ മുഖാന്തിരം കേൾക്കുകയുണ്ടായി.

3. എബനേസർ എന്റർനാഷണൽ റസിഡൻഷ്യൽ സ്കൂൾ സ്ഥിതി ചെയ്യുന്നത് കാണക്കാരി ഗ്രാമപഞ്ചായത്ത് പരിധിയിലാണെന്നും ടി സ്കൂളിന്റെ ഓഫീസ് റൂം മാത്രമാണ് ഏറ്റുമാനൂർ നഗരസഭാ പരിധിയിൽ സ്ഥിതി ചെയ്യുന്നതെന്നും ആയതിനാൽ സ്കൂൾ സംബന്ധിച്ച ആവശ്യപ്പെട്ട വിവരങ്ങൾ നഗരസഭയിൽ ലഭ്യമല്ലെന്നുമാണ്.

4. 25.10.2021 തീയതി നടന്ന ഹിയറിംഗിൽ പങ്കെടുത്ത പരാതിക്കാരൻ കമ്മീഷനെ അറിയിച്ചത്, അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങളും കമ്മീഷൻ ആവശ്യപ്പെട്ടതു പ്രകാരമുള്ള റിപ്പോർട്ടും ലഭ്യമായിട്ടില്ല എന്നാണ്.

5. 23.01.2017 ലെ അപേക്ഷയ്ക്ക് പൂർണ്ണമായ വിവരം ലഭിച്ചിട്ടില്ല എന്നാണ് കമ്മീഷൻ നിരീക്ഷിക്കുന്നത്. എസ്.പി.ഐ.ഒയുടെ മൊഴിയും റിപ്പോർട്ടും പൂർണ്ണമായും അംഗീകരിക്കുവാൻ കഴിയില്ല. അപേക്ഷയിലെ 2,4,5,6,7,8,9,10,11,12,13,14 വരെയുള്ള ചോദ്യങ്ങൾ എതിർകക്ഷിയുടെ ഓഫീസിൽ ലഭ്യമല്ലെങ്കിൽ വിവരം ലഭ്യമാക്കാവുന്ന അധികാര സ്ഥാനത്തിന് അപേക്ഷയുടെ പകർപ്പ് കൈമാറി വിവരം പരാതിക്കാരന് നൽകാൻ നിർദ്ദേശിക്കുകയാണ് എതിർകക്ഷി ചെയ്യേണ്ടിയിരുന്നത്. എന്നാൽ അതിന് പകരം ബാധകമല്ല എന്ന് മറുപടി നൽകിയത് നിയമാനുസൃതം തെറ്റായ നടപടിയാണ്. ഓഫീസിൽ വിവരം ലഭ്യമല്ലെങ്കിൽ ബന്ധപ്പെട്ട അധികാരിയ്ക്ക് അപേക്ഷ കൈമാറാനാണ് നിയമം വകുപ്പ് 6(3) അനുശാസിക്കുന്നത്. വിവരാവകാശ നിയമം വകുപ്പ് 6(3)പ്രകാരം നടപടി സ്വീകരിക്കുന്നതിൽ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒയുടെ ഭാഗത്തു നിന്ന് പ്രഥമദൃഷ്ട്യാ വീഴ്ചയുണ്ടായിട്ടുള്ളതായി കമ്മീഷൻ വിലയിരുത്തുന്നു. ഇപ്രകാരം വീഴ്ചവരുത്തിയ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ.യ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20 (1) പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് എന്തെങ്കിലും ബോധിപ്പിക്കാനു

ണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഈക്കാര്യത്തിൽ എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ നേരിൽകണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്.

6. പരാതിഹർജിക്കാരന്റെ പരാതി ഇപ്പോഴും നിലനിൽക്കുന്ന സാഹചര്യത്തിൽ 23.01.2017 തീയതിയിലെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട 2,4,5,6,7,8,9,10,11,12,13,14 എന്നീ ചോദ്യങ്ങൾക്കുള്ള മറുപടി/വിവരം ബന്ധപ്പെട്ട അധികാര സ്ഥാനത്ത് നിന്നും ശേഖരിച്ച് ഈ ഉത്തരവ് കിട്ടി 10 ദിവസത്തിനുള്ളിൽ സൗജന്യമായി നൽകുവാൻ എസ്.പി.ഐ.ഒയ്ക്ക് നിർദ്ദേശം നൽകുന്നു. കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കി രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്.

7. ഇപ്രകാരം ഈ പരാതിഹർജിയിൻമേൽ ഇന്നേദിവസം 2022 ഡിസംബർ മാസം 30-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു

(ഒപ്പ്)

**ശ്രീലത. പി.ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയപകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

STATE INFORMATION COMMISSION • KERALA THIRUVANANTHAPURAM

RIGHT TO INFORMATION